LIBRARY ARCHIVES Kerala Legislative Assembly

കുറ്റ്യാടി കനാലിലെ അക്വഡക്ടുകളുടെ നവീകരണ പ്രവർത്തനം

177 (2732) ശ്രീ. സി. കെ. നാണു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വടകരനിയോജകമണ്ഡലത്തിലെ കുറ്റ്യാടി കനാലിൽ അപകടകര മാണെന്ന് ഉദ്യോഗസ്ഥർ എഴുതിവച്ച അക്വഡക്ടുകൾ നന്നാക്കാൻ ഈ സർക്കാർ അധികാരത്തിൽ വന്നശേഷം എന്തെങ്കിലും തുക ചെലവഴിച്ചിട്ടുണ്ടോ ; എങ്കിൽ എത്ര തുക ഏതെല്ലാം പഞ്ചായത്തുകളിൽ ഏതെല്ലാം ; ഏതെല്ലാം പ്രവൃത്തികൾക്ക് ചെലവഴിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ;

(ബി) വേനൽകാലത്തടക്കം കൃഷിക്ക് വെള്ളം നൽകുന്ന കനാലിലെ അക്വഡക്ടുകളുടെ തകരാർ പരിഹരിക്കാൻ കുറ്റ്യാടി കനാലിന് സർക്കാർ അനുവദിച്ച സംഖ്യയിൽ നിന്നും ഈ വർഷമെങ്കിലും ഫണ്ട് നൽകി അടിയന്തരമായി അക്വഡക്ടുകളുടെ നവീകരണ പ്രവർത്തനം നടത്താൻ തയ്യാറാകുമോ ?

ഉത്തരം

(എ) ചെലവഴിച്ചിട്ടില്ല.

(ബി) കുറ്റ്യാടി ഇറിഗേഷൻ പദ്ധതിയുടെ 2014-15 വർഷത്തെ വാർഷിക അറ്റകുറ്റപ്പണികൾക്കായി " 2700-13-KyIP-101-98-18-Mtce" എന്ന ശീർഷക ത്തിൽ 2.40 കോടി രൂപ അനുവദിച്ചിട്ടുണ്ട്. തകർന്ന അക്വഡക്ടുകളുടെ പുനരുദ്ധാരണത്തിനായി ടി പ്രവൃത്തികൾ AIBP-യിൽ ഉൾപ്പെടുത്തുന്നതിനായി പുതുക്കിയ AIBP മാനദണ്ഡപ്രകാരം CPWD നിരക്കിലുള്ള പുതുക്കിയ എസ്റ്റിമേറ്റ് ചീഫ് എഞ്ചിനീയർ തയ്യാറാക്കിവരുന്നുണ്ട്. ആയത് സർക്കാരിൽ ലഭ്യമാകുന്ന മുറയ്ക്ക് നടപടികൾ സ്വീകരിക്കുന്നതാണ്.

പുതുക്കാട്-നെല്ലായി റഗുലേറ്റർ-കം-ബ്രിഡ്ജിന് ഭരണാനുമതി

178 (2733) പ്രൊഫ. സി. രവീന്ദ്രനാഥ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പുതുക്കാട് മണ്ഡലത്തിൽ നെല്ലായി ഇറിഗേഷൻകടവ് നെല്ലായി റഗുലേറ്റർ-കം-ബ്രിഡ്ജിന് റിവൈസ്ഡ് ഭരണാനുമതി നൽകുവാൻ ആവശ്യപ്പെട്ട കൊണ്ടുള്ള നിവേദനം ലഭ്യമായിട്ടുണ്ടോ ;

(ബി) എങ്കിൽ ഇപ്പോഴത്തെ സ്ഥിതി വിശദമാക്കുമോ ?